(സി) പ്രധാന വാർഡുകളുമായി ബന്ധിപ്പിച്ചിട്ടില്ല. അതിനുവേണ്ടി ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഫ്ളൈ ഓവർ നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുകയും അതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) പൊതുമരാമത്തു വകുപ്പ് ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു.

നെടുങ്ങോലം ഗവൺമെന്റ് ആശുപത്രിയിലെ വികസന പദ്ധതികൾ

102 [3154] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം ഗവൺമെന്റ് താമരാവു ആശുപത്രിയിൽ യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്;

(ബി) ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെടുങ്ങോലം ആശുപത്രിയുടെ വികസനത്തിനായി 2003 ഡിസംബർ 19-ന് നടന്ന യൂറോപ്യൻ കമ്മീഷൻ സെക്ടർ റീഫോം സെൽ മീറ്റിംഗിൽ അവതരിപ്പിച്ച പ്രോജക്ടിന് യൂറോപ്യൻ കമ്മീഷനും കേന്ദ്ര ആരോഗ്യമന്ത്രാലയവും അനുമതി നൽകുകയുണ്ടായി.

പ്രോജക്ടിന്റെ ആകെ തുക 72,72,000 (എഴുപത്തിരണ്ട് ലക്ഷത്തി എഴുപത്തിരണ്ടായിരം) രൂപയാണ്.

ഒ. പി., ഐ. പി. ബ്ലോക്ക് പണിയുന്നതിനും ഓപ്പറേഷൻ തീയേറ്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും ലാബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനും ആംബുലൻസ് വാങ്ങുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങിയിട്ടില്ല. തുടങ്ങിക്കഴിഞ്ഞാൽ ഏകദേശം ഒരു വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയും എന്ന് കരുതുന്നു.

മാവേലിക്കര താലൂക്കിലെ ചുനക്കര പി. എച്ച്. സി., സി. എച്ച്. സി. ആക്കുന്നതിന് സ്വീകരിച്ച നടപടികൾ

103 [3155] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരാഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ ചുനക്കര പി. എച്ച്. സി., സി. എച്ച്. സി. ആക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ:

(ബി) ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് പി.എച്ച്.സി. കളുടെ നവീകരണം നടക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) ചുനക്കര പി.എച്ച്.സി.യുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly